പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2042 18.06.2013 -ൽ മറുപടിക്ക്

കെ. എസ്. ആർ. ടി. സി.-യിലെ പർച്ചേസുകൾ സുതാര്യമാക്കാൻ നടപടി

ചോദ്യം

ശ്രീ. ജി. സുധാകരൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യിൽ എത്ര ഇ-ടിക്കറ്റ് മെഷീനാണ് വാങ്ങിയിട്ടുള്ളത് ; ഇതിന് ആകെ എത്ര തുക ചെലവായി ; ഒരു മെഷീന്റെ ശരാശരി വില എത്ര ; ഇതിൽ ഉപയോഗയോഗ്യമായവ എത്ര ; ഇവയുടെ റിപ്പയറിംഗിനും അനുബന്ധ സാധനങ്ങൾ വാങ്ങുന്നതിനുമായി എന്തു തുക ചെലവായി ; വിശദമാക്കാമോ ; | (എ) | 2008-ൽ 7,000 ടിക്കറ്റിംഗ് മെഷീനുകളാണ് വാങ്ങിയത്. ഇതിന് ആകെ 3.21 കോടി രൂപ ചെലവായി. ശരാശരി 4,585 രൂപയാണ് ഒരു മെഷീന്റെ വില. കൂടാതെ, മൂന്ന് വർഷത്തേക്ക് A.M.C-യും നൽകിയിരുന്നു. ഇതിനായി മൂന്ന് വർഷത്തേയ്ക്ക് ഒരു മെഷീന് 3,597 രൂപ പ്രകാരം ചെലവായിട്ടുണ്ട്. അപ്രകാരം നോക്കുമ്പോൾ ഒരു മെഷീന് ശരാശരി 8,182 രൂപയാണ് ചെലവായിട്ടുള്ളത്. കാലപ്പഴക്കം മൂലം 10% മെഷീനുകൾ തകരാറിലായിട്ടുണ്ട്. ഇവയുടെ റിപ്പയറിംഗിനും, അനുബന്ധ സാധനങ്ങൾ വാങ്ങുന്നതിനുംവേണ്ടി 3,58,950 രൂപ ചെലവായിട്ടുണ്ട്. |
| (ബി) | കോർപ്പറേഷൻ പുതിയതായി ഇ-ടിക്കറ്റ് മെഷീൻ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകാമോ ? | (ബി) | പുതിയ ജനറേഷൻ E.T.M-കൾ വാങ്ങുവാൻ ടെണ്ടർ നടപടികൾ പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ